# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1588** **14-07-2016-ൽ മറുപടിയ്ക്ക്**

**<u>കാരുണ്യ ചികിൽസാ പദ്ധതിയിൽനിന്നും ധനസഹായം ലഭിക്കാത്ത അപേക്ഷകൾ</u>**

| | **ചോദ്യം**<br><br>**ശ്രീ. മോൻസ് ജോസഫ്** | | **മറുപടി**<br><br>**ഡോ. ടി.എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|---|---|
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും 2015 ജനുവരി 1 മുതൽ 2016 മാർച്ച് 31 വരെ കാരുണ്യ ചികിൽസാ പദ്ധതിയിലേയ്ക്ക് നൽകിയ അപേക്ഷകളിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ), (ബി) & (സി) | കാരുണ്യബനവലന്റ് ഫണ്ടിന്റെ ചികിത്സാ ധനസഹായ പ്രക്രിയകൾ ജില്ലാ തലത്തിലാണ് നിർവ്വഹിച്ചു വരുന്നത്. ആയതിനാൽ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയുള്ള വിശദാംശങ്ങൾ ലഭ്യമല്ല. ജില്ലാതലങ്ങളിൽ നിന്നും ഓൺലൈനായി ലഭിക്കുന്ന ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ ഹെഡ് ഓഫീസിൽ പരിശോധിക്കുകയും പോരായ്മകൾ ഉള്ള അപേക്ഷകൾ അപ്പോൾ തന്നെ ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കുകയും പോരായ്മകൾ പരിഹരിച്ച് ലഭിക്കുന്നതിനായി മടക്കി അയക്കുകയും ചെയ്തുവരുന്നു. അപേക്ഷകളോടൊപ്പം ലഭിക്കുന്ന അനുബന്ധരേഖകൾ പലതും അപൂർണ്ണവും അവ്യക്തവുമാണ്. ഇപ്രകാരമുള്ള പോരായ്മകൾ പരിഹരിച്ച് ലഭിക്കുന്ന മുറയ്ക്ക് ചികിത്സാ ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഇതിൽ എത്ര അപേക്ഷകൾ തീരുമാനമാകാതെ കിടക്കുന്നുണ്ടെന്നും അപേക്ഷകർക്ക് അപേക്ഷകളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് അവസരം നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ; | | |
| (സി) | കാരുണ്യാ ചികിത്സാ പദ്ധതിയിൽനിന്നും ധനസഹായം അനുവദിച്ചവരുടെയും, അപേക്ഷകളിൽ പോരായ്മകൾ ഉള്ളവരുടെയും പേരു വിവരം ലഭ്യമാക്കാമോ; എന്തെല്ലാം പോരായ്മകളാണ് അപേക്ഷകളിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; ഇവ പരിഹരിച്ച് ഇവർക്ക് ചികിൽസാ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ.